പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2609 | 09-05-2017-ലെ മറുപടിയ്ക്ക്

**കാർഷിക മേഖലയിൽ ഉണ്ടായ വളർച്ച**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാജേഷ്** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** ഈ സർക്കാർ അധികാരമേറ്റ ശേഷം കാർഷിക മേഖലയിൽ ഉണ്ടായ വളർച്ചയുടെ വിശദവിവരം ലഭ്യമാക്കുമോ; | **(എ)** 2016-17 വർഷത്തെ കാർഷിക അനുബന്ധ മേഖലയിലെ വളർച്ചാ നിരക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. |
| **(ബി)** പാടശേഖരങ്ങളിൽ കെട്ടിക്കിടക്കുന്ന നെല്ല് സംഭരിക്കുന്നതിനും കർഷകർക്ക് അർഹമായ വില നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | **(ബി)** കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിയുടെ ഭാഗമാണ് നെല്ല് സംഭരണ സംസ്കരണ വിതരണ പദ്ധതി. സപ്ലൈകോ ആണ് പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ഏജൻസി. പദ്ധതി പ്രകാരം സപ്ലൈകോയുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകാർ നെല്ല് ഏറ്റെടുക്കുകയും കർഷകർക്ക് കൈപ്പറ്റ് രസീത് നൽകുകയും ആയത് ഉദ്യോഗസ്ഥർ പരിശോധിച്ച് രേഖപ്പെടുത്തിയ ശേഷം കർഷകർക്ക് നെല്ലിന്റെ വില വിതരണം ചെയ്യുന്നുണ്ട്. അടുത്ത സീസൺ മുതൽ കർഷകർ സപ്ലൈകോയിൽ നിന്നും ലഭിക്കുന്ന Paddy Receipt Sheet (PRS) ബാങ്കുകളിൽ നൽകുമ്പോൾതന്നെ കർഷകരുടെ അക്കൗണ്ടിലേക്ക് സംഭരണ വില നേരിട്ട് എത്തുന്നതിനായി ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ലീഡ് ബാങ്ക് പ്രതിനിധികളുമായി ബഹു. കൃഷി, ഭക്ഷ്യ സിവിൽ സപ്ലൈസ്, സഹകരണം, ധനകാര്യ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിലേക്കായി വകുപ്പുകളുടെ ഏകോപനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**